(ബി) പ്രസ്തുത കടങ്ങൾക്ക് നൽകേണ്ട പലിശ എത്ര വീതമാണ്; ഉയർന്ന പലിശ നൽകുന്ന വായ്പകൾ കുറഞ്ഞ പലിശ നൽകുന്നവയാക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു;

(സി) വൈദ്യുതി ബോർഡിനെ കടത്തിൽ നിന്നും മോചിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) 1-1-2005-ലെ കണക്കനുസരിച്ച് ബോർഡിന്റെ കടം 4780.72 കോടി രൂപയാണ്.

(ബി) നിലവിലുള്ള കടങ്ങൾക്ക് പലിശ നിരക്ക് 5.95% മുതൽ 16 ശതമാനം വരെയാണ്. ഉയർന്ന പലിശ നൽകേണ്ടിയിരുന്ന വായ്പകൾ കുറഞ്ഞ പലിശനിരക്കുള്ള വായ്പകളാക്കി മാറ്റുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുവഴി ബോർഡിന് ആകെ 220.93 കോടി രൂപ ലാഭിക്കാൻ കഴിയുമെന്ന് കരുതുന്നു.

(സി) ഉയർന്ന പലിശ നിരക്കുള്ള വായ്പകൾ പുനഃക്രമീകരണം വഴി കുറഞ്ഞ പലിശ നിരക്കുള്ള വായ്പകളായി മാറ്റുക, റവന്യൂ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള പ്രവർത്തനം ഊർജ്ജിതപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കുക, പ്രസരണ-വിതരണ നഷ്ടം കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുക, ഭരണ ചെലവുകൾ, അനാവശ്യ ചെലവുകൾ മുതലായവ കുറയ്ക്കുക, വൈദ്യുതി വാങ്ങുന്നതിനുള്ള ചെലവ് കുറയ്ക്കുക, എന്നീ നടപടികളാണ് വൈദ്യുതി ബോർഡിനെ കടത്തിൽ നിന്ന് മോചിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്നത്.

പാരമ്പര്യേതര ഊർജ്ജ പദ്ധതികൾ

*7 [444] ശ്രീ. കോവൂർ കുഞ്ഞുമോൻ:

,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാരമ്പര്യേതര ഊർജ്ജ പദ്ധതികൾ വികസിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) കാറ്റിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള പദ്ധതിയുടെ ഇന്നത്തെ സ്ഥിതി വെളിപ്പെടുത്തുമോ;

(സി) തിരമാലയിൽ നിന്നും സൂര്യപ്രകാശത്തിൽനിന്നും ലാഭകരമായ രീതിയിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പരിശോധനയുടെ ഫലം എന്തായി എന്ന് വെളിപ്പെടുത്തുമോ;

(ഡി) കശുവണ്ടിത്തോടിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ അത് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിന്റെ പദ്ധതികൾ നടപ്പാക്കുക, സ്വകാര്യ ഉൽപ്പാദകരെ പ്രോത്സാഹിപ്പിക്കുക, UNIDO മേഖലാ കേന്ദ്രം മുഖേന ചെറുകിട ജലവൈദ്യുതി പദ്ധതികൾ നടപ്പാക്കുക, സർവ്വേകൾ നടത്തുക, പാരമ്പര്യേതര ഊർജ്ജ പദ്ധതികളെപ്പറ്റിയുള്ള അവബോധം സൃഷ്ടിക്കുക എന്നീ നടപടികൾ എടുത്തുവരുന്നു.

(ബി) സംസ്ഥാനത്ത് കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനും സ്വകാര്യ ഉല്പാദകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായുള്ള മാർഗ്ഗരേഖ 6-11-2004-ൽ സർക്കാർ പുറപ്പെടുവിച്ചു. ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിലുള്ള 149 ഹെക്ടർ ഭൂമി അനർട്ടിന് ലീസിൽ നൽകിയിട്ടുണ്ട്. ഇവിടെ പദ്ധതി സ്ഥാപിക്കുന്നതിനായി ടെണ്ടറുകൾ ക്ഷണിച്ചിരിക്കുകയാണ്. ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ പ്രസരണത്തിനായി പുഷ്പകണ്ടം-നെടുങ്കണ്ടം ലൈൻ വലിക്കുന്നതിന്റെ പ്രാരംഭ നടപടികൾ തുടങ്ങിക്കഴിഞ്ഞു. 2 MW-ന്റെ ഒരു ഡമോൺസ്ട്രേഷൻ വിൻഡ് ഫാം സ്ഥാപിക്കുന്നതിനുള്ള നടപടികളും അനർട്ട് ആരംഭിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ കഞ്ചിക്കോടിൽ നിന്നും KSEB 2.03 MW വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്.

(സി) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ചെന്നൈയുടെ ഒരു ഗവേഷണ പദ്ധതിയായി ആരംഭിച്ച തിരമാലയിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതി 1996-ൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജിക്ക് കൈമാറി. പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഏകദേശം 10-15 KW വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പ്രോജക്ട് പൂർത്തീകരിച്ചിട്ടുണ്ട്. മറ്റു പദ്ധതികളുമായി താരതമ്യപ്പെടുത്തുമ്പോൾ തിരമാലയിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതി വ്യാവസായികമായി ലാഭകരമെന്ന് കണക്കാക്കാനാവില്ല.

വൈദ്യുതി ശൃംഖല വഴി സാധാരണ നിലയിൽ വൈദ്യുതി നൽകാൻ കഴിയാത്ത വിദൂര ഉൾപ്രദേശങ്ങൾക്ക് വൈദ്യുതി നൽകുന്നതിനായി സൗരോർജ്ജത്തിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പരിപാടി അനർട്ട് സ്വീകരിച്ചു വരുന്നു. സൂര്യപ്രകാശത്തിൽ നിന്നും 25 KW വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള പദ്ധതി അനർട്ട് പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരത്ത് വൈദ്യുതി ഭവന് മുകളിൽ സ്ഥാപിച്ചിട്ടുണ്ട്. ചെലവ് കണക്കിലെടുക്കുമ്പോൾ സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതി ലാഭകരമാണെന്ന് പറയുക സാധ്യമല്ല.

(ഡി) കശുവണ്ടിതോടിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന 1 MW ശേഷിയുള്ള നിലയം സ്ഥാപിക്കാനായി PUMA എന്ന കമ്പനിയുമായി വൈദ്യുതി വാങ്ങൽ കരാർ കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് ഒപ്പ് വച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly